**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - തൃശ്ശൂർ ജില്ല – അന്നമനട ഗ്രാമപഞ്ചായത്ത് - ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ റിപ്പോർട്ട് 2009-10 - ഖണ്ഡിക 3.15 – ഓഡിറ്റ് തടസ്സം - സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## തദ്ദേശ സ്വയംഭരണ (എ ബി) വകുപ്പ്

സ.ഉ (സാ.ധാ) നം.854/15/തസ്വഭവ. തിരുവനന്തപുരം, തീയതി: 23/03/2015

പരാമർശം:- 1) പഞ്ചായത്ത് ഡയറക്ടറുടെ02/07/2014-ലെ എം3-23405/14 നമ്പർ കത്ത്.
2) ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 22/12/2014-ലെ L.F. 13479/PT2/14 നമ്പർ കത്ത്.

## <u>ഉത്തരവ്</u>

തൃശ്ശൂർ ജില്ലയിലെ അന്നമനട ഗ്രാമപഞ്ചായത്തിന്റെ 2009-10 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-15 പ്രകാരം മെയിന്റനൻസ് ഗ്രാന്റ് വക മാറ്റി തനത് ആസ്തികളുടെ സംരക്ഷണത്തിനായി ചെലവഴിച്ച 1,62,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തിയിരുന്നു. ആയതിന് സാധൂകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് പഞ്ചായത്ത് ഡയറക്ടർ പരാമർശം 1 പ്രകാരം ശുപാർശ സമർപ്പിച്ചിട്ടുണ്ട്.

09/12/2004-ലെ സർക്കാർ ഉത്തരവ് (എം.എസ്) 33/04/തസ്വഭവ, 30/01/2008-ലെ സർക്കുലർ നമ്പർ 75326/FM/2007/LSGD എന്നീ ഉത്തരവുകൾക്ക് വിരുദ്ധമായി തുക വക മാറ്റി ചെലവഴിക്കുന്നതിന് സർക്കാരിന്റെ മുൻകൂർ അനുമതി ആവശ്യമാണ് എന്നിരുന്നാലും പല ഓഫീസുകളും പ്രവർത്തിക്കുന്ന പഞ്ചായത്ത് കോമ്പൗണ്ടിൽ ഗേറ്റ് സ്ഥാപിച്ച് കെട്ടിടം സുരക്ഷിതമാക്കുന്നതിനുമായി മറ്റ് ഫണ്ടുകൾ ലഭ്യമല്ലാത്തതിനാലാണ് മെയിന്റനൻസ് ഗ്രാന്റിൽ നിന്നും തുക വകയിരുത്തുന്നത് എന്ന കാര്യം കണക്കിലെടുത്ത് പ്രസ്തുത ചെലവിന് സാധൂകരണം നൽകാവുന്നതാണെന്നു പരാമർശം 2 പ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ അഭിപ്രായപ്പെട്ടിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി മേൽ വിവരിച്ച വസ്തുതകളുടെയും പഞ്ചായത്ത് ഡയറക്ടറുടെ ശുപാർശയുടെയും ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ അഭിപ്രായത്തിന്റെയും ജില്ലാതല ഓഡിറ്റ് മോണിറ്ററിംഗ് സമിതിയുടെ തീരുമാനത്തിന്റെയും അടിസ്ഥാനത്തിൽ തൃശ്ശൂർ ജില്ലയിലെ അന്നമനട ഗ്രാമപഞ്ചായത്തിന്റെ 2009-10 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ റിപ്പോർട്ട് ഖണ്ഡിക 3-15 പ്രകാരം തടസ്സപ്പെടുത്തിയ 1,62,000/- (ഒരു ലക്ഷത്തി അറുപത്തിരണ്ടായിരം രൂപാ മാത്രം) രൂപയുടെ ചെലവിന് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
സാലമ്മ എബ്രഹാം,
ഡെപ്യൂട്ടി സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ. തിരുവനന്തപുരം
ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ
സെക്രട്ടറി, അന്നമനട ഗ്രാമപഞ്ചായത്ത്, തൃശ്ശൂർ
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ, ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ